## VIJNANABHAVAN - KOTHAMANGALAM

### SCHOLARSHIP EXAMINATION 2024 - 2025

**Std IV** Time : 2 hrs.
07.04.2025 Marks : 100

രജിസ്റ്റർ നമ്പർ
(അക്കത്തിൽ)

രജി. നമ്പർ (അക്ഷരത്തിൽ) ..........................................................................................................................

ഫൊറോന : .........................................................................................................................................

**നിർദ്ദേശങ്ങൾ:-**

1. നിങ്ങളുടെ രജിസ്റ്റർ നമ്പർ മുകളിൽ കാണുന്ന ദീർഘചതുരത്തിൽ അക്കത്തിലും താഴെ അക്ഷരത്തിലും എഴുതുക.
2. നിങ്ങളുടെ പേരോ സ്കൂളിന്റെയോ പള്ളിയുടെയോ പേരോ ഉത്തരക്കടലാസിൽ എഴുതാൻ പാടില്ല.
3. ഉത്തരങ്ങൾ ഈ ചോദ്യക്കടലാസിൽ തന്നെ അവയ്ക്കായി വിട്ടിട്ടുള്ള സ്ഥലങ്ങളിൽ മാത്രം വൃത്തിയായി എഴുതണം.
4. ഈ ചോദ്യക്കടലാസിനോട് വേറെ കടലാസുകൾ ചേർക്കുകയോ ഇതിലുള്ള കടലാസുകൾ വേർപെടുത്തുകയോ ചെയ്യാൻ പാടില്ല.

**Total Marks**

**ശരിയായ ഉത്തരത്തിന് ☑ ചിഹ്നം രേഖപ്പെടുത്തുക.** (10 x 1 = 10)

1 തിരുസഭയെ ശരീരത്തോടും അതിലെ അവയവങ്ങളോടും ഉപമിച്ച ശ്ലീഹായാണ്

☐ തോമാശ്ലീഹാ ☐ പൗലോസ് ശ്ലീഹാ ☐ പത്രോസ് ശ്ലീഹാ

2 "വിശുദ്ധീകരിക്കുന്ന കർമ്മം" എന്നർത്ഥം വരുന്ന സുറിയാനി വാക്കാണ്

☐ കൂദാശ ☐ കുർബാന ☐ ജലം

3 ഈശോയുടെ അടുത്ത് വന്ന് അവിടുന്ന് പ്രവർത്തിച്ച അടയാളങ്ങളെക്കുറിച്ച് സംസാരിച്ച യഹൂദ പ്രമാണിയാണ്

☐ സക്കേവൂസ് ☐ നിക്കൊദേമോസ് ☐ കൊർണേലിയോസ്

4 ക്രൈസ്തവർ ഈ ലോകജീവിതത്തിൽ വിശ്വാസത്തിനെതിരായ വെല്ലുവിളികളെ നേരിടാൻ സജ്ജമാക്കുന്ന കൂദാശയാണ്

☐ മാമ്മോദീസ ☐ കുർബാന ☐ തൈലാഭിഷേകം

5 ഈശോ വി. കുർബാന സ്ഥാപിച്ച തിരുന്നാളാണ്

☐ കൂടാര തിരുന്നാൾ ☐ പെസഹാ തിരുന്നാൾ ☐ പന്തക്കുസ്താ തിരുന്നാൾ

6 ഒരു വ്യക്തിയോ ഒരു സമൂഹമോ മറ്റൊരാൾക്കോ മറ്റൊരു സമൂഹത്തിനോ വേണ്ടി ദൈവസന്നിധിയിൽ പ്രാർത്ഥിക്കുന്നതാണ്

☐ ആരാധന ☐ സ്തുതിപ്പ് ☐ മദ്ധ്യസ്ഥ പ്രാർത്ഥന

7 രക്ഷാകരമായ സുവിശേഷം ശ്രവിക്കുന്നതിനുള്ള താല്പര്യവും ആഹ്ലാദവുമാണ്

☐ സുവിശേഷ പ്രദക്ഷിണം ☐ കാറോസൂസ ☐ ഹല്ലേലൂയ്യാ

8 സ്വർഗ്ഗത്തേയും ഭൂമിയേയും വേർതിരിക്കുന്ന കവാടം

☐ മദ്ബഹാ ☐ മദ്ബഹാവിരി ☐ ബേമ്മ

9 കേരളത്തിൽ നിന്നുള്ള ആദ്യവിശുദ്ധയാണ്

☐ വി. മറിയം ത്രേസ്യ ☐ വി. അൽഫോൻസാമ്മ ☐ വി. എവുപ്രാസ്യാമ്മ

10 കോതമംഗലം രൂപതയുടെ മധ്യസ്ഥയാണ്

☐ വി. യൗസേപ്പ് ☐ വി. സ്നാപക യോഹന്നാൻ

☐ പരി. കന്യാമറിയത്തിന്റെ വിമല ഹൃദയം

**ഒരുവാക്കിൽ ഉത്തരമെഴുതുക** (5 x 2 = 10)

11 കാർമ്മികനും ശുശ്രൂഷിയും കുർബാനയ്ക്ക് ഒരുങ്ങുന്ന സ്ഥലം.

12 വി. കുർബാനയിലെ പ്രാർത്ഥനാ പുസ്തകം.

13 കൂദാശാനുകരണങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്.

14 "കുട്ടികളെ കർത്താവിൽ മാതാപിതാക്കളെ അനുസരിക്കുവിൻ അത് നിങ്ങളുടെ കർത്തവ്യമാണ്" ഇത് ആരുടെ വാക്കുകളാണ്?

15 ചങ്ങനാശ്ശേരി രൂപതയിൽ നിന്ന് കാർഡിനാൽ പദവിയിലേക്ക് ഉയർത്തപ്പെട്ട വൈദികൻ.

**വിട്ടുപോയത് പൂരിപ്പിക്കുക.** (5 x 2 = 10)

16 തിരുസഭയുടെ രക്ഷാകര ദൗത്യം തുടരുവാൻ അവിടുന്ന് സഭയ്ക്കു നൽകിയ പ്രത്യേകമായ അനുഗ്രഹമാണ്..........................................................

17 ശ്ലീഹന്മാരിലൂടെ ഈശോ സഭയ്ക്ക് നൽകിയ അധികാരത്താലാണ് ഇന്ന് ...................................... ......................................... കൂദാശ നൽകുന്നത്.

18 സഭയെ നയിക്കുന്നതും സുവിശേഷം പ്രചരിക്കുവാൻ നേതൃത്വം നൽകുന്നതും കത്തോലിക്കാ സഭയുടെ തലവനായ.........................................................ആണ്

19 ദൈവ കല്പനകൾ ലംഘിക്കുവാനുള്ള പ്രേരണകളെ.................................................... എന്ന് പറയുന്നു.

20 2025-ാം വർഷം മാർപാപ്പ പ്രഖ്യാപിച്ചിരിക്കുന്നത്............................................ വർഷം ആയിട്ടാണ്.

**യോജിക്കുന്നവ ചേർത്തെഴുതുക.** (5 x 2 = 10)

| | A | | B |
|---|---|---|---|
| 21 | സുവിശേഷം | .......................................... | സാന്താക്ലോസ് |
| 22 | മറിയം | .......................................... | പ്രവാചകൻ |
| 23 | ഏശയ്യാ | .......................................... | ഗബ്രിയേൽ |
| 24 | യാക്കോബ് | .......................................... | നല്ല വാർത്ത |
| 25 | വി. നിക്കോളാസ് | .......................................... | ജോസഫ് |

**ശരിയോ ☑ തെറ്റോ ☒ എന്ന് കോളത്തിൽ അടയാളപ്പെടുത്തുക.** (5 x 2 = 10)

26 ആബേൽ കായേലിനെ കൊന്നു. ☐

27 ദൈവത്തിന്റെ ഉടമ്പടിയുടെ അടയാളമായി ആകാശത്ത് മഴവില്ല്. ☐

28 മിശിഹാ സഭയുടെ കൂദാശയാണ്. ☐

29 കൂദാശകളിൽ ആദ്യത്തെ മൂന്നെണ്ണം പ്രവേശന കൂദാശകളാണ്. ☐

30 അനുരഞ്ജന കൂദാശ ഫലപ്രദമായി സ്വീകരിക്കുന്നതിനാവശ്യമായ കാര്യങ്ങൾ പത്താണ്. ☐

31 **താഴെ കാണുന്ന കോളത്തിൽ നിന്ന് കൂദാശകളും കൂദാശാനുകരണങ്ങളും തിരിച്ച് പട്ടികയിൽ ആക്കുക.** (5 x 2 = 10)

മാമ്മോദീസ, വെഞ്ചരിപ്പ്, ദൈവാലയ പ്രതിഷ്ഠ, വി. കുർബാന, തൈലാഭിഷേകം, മൃതസംസ്കാരം, വ്രതവാഗ്ദാനങ്ങൾ, ആശീർവാദങ്ങൾ, വിവാഹം, രോഗീലേപനം

| കൂദാശകൾ | കൂദാശാനുകരണങ്ങൾ |
|---|---|
| | |

**ദൈവവചനം പൂരിപ്പിക്കുക.** (3 x 2 = 6)

32 "ചോദിക്കുവിൻ നിങ്ങൾക്ക് ലഭിക്കും ..........................................................................................

..........................................................................................................................................

...................................................................................... നിങ്ങൾക്ക് തുറന്നുകിട്ടും" (ലൂക്കാ 11:10).

33 "നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ.......................................................................................

..........................................................................................................................................

................................................................................... അവ ബന്ധിക്കപ്പെട്ടിരിക്കും" (യോഹ. 20:23).

34 "നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ..........................................................................................

..........................................................................................................................................

..........................................................................................................................................

.......................................................................................... അവയവങ്ങളുമാണ്" (1 കോറി. 12:27).

**ഒന്നോ രണ്ടോ വാചകത്തിൽ ഉത്തരമെഴുതുക.** (6 x 4 = 24)

35 മാമ്മോദീസായിലൂടെ നമുക്ക് ലഭിക്കുന്ന കാര്യങ്ങൾ ഏതെല്ലാം?

36 വി. കുർബാനയിലെ പ്രാർത്ഥനകളെ എത്രയായി തിരിച്ചിരിക്കുന്നു? ഏതെല്ലാം?

37 തിരുപ്പട്ടം എന്ന കൂദാശ എന്താണ്? നിങ്ങളുടെ ഇടവകവികാരിയെ നിങ്ങൾ എങ്ങനെ ബഹുമാനിക്കുന്നു എന്നെഴുതുക.

38 നിങ്ങളുടെ കുടുംബത്തിൽ കാണുന്ന ഏതാനും നന്മകൾ എഴുതുക?

39 തൈലാഭിഷേക കൂദാശയുടെ ദാനങ്ങൾ ഏതെല്ലാമാണ്?

40 അനുരഞ്ജന കൂദാശയുടെ ഫലങ്ങൾ എന്തൊക്കെയാണ്?

**അരപ്പേജിൽ ഉത്തരമെഴുതുക.** (5 x 2 = 10)

41 ഈശോയോട് ചേർന്ന് നിന്നാൽ നമ്മുടെ ജീവിതത്തിൽ ഉണ്ടാകുന്ന നന്മകളും ഈശോയിൽ നിന്ന് അകന്നാൽ ഉണ്ടാകുന്ന തിന്മകളും ഒരു ചാർട്ട് രൂപത്തിൽ എഴുതുക.

| നന്മകൾ | തിന്മകൾ |
|---|---|
| 1 | 1 |
| 2 | 2 |
| 3 | 3 |
| 4 | 4 |
| 5 | 5 |

42 എമ്മാവൂസിലേക്കുള്ള യാത്രയിൽ ശിഷ്യന്മാർക്കുണ്ടായ അനുഭവങ്ങൾ ഒരു കഥാരൂപത്തിൽ തയ്യാറാക്കുക.